## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4615** **19-07-2022 - ൽ മറുപടിയ്ക്ക്**

## ആലപ്പുഴ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന KIIFB, AMRUT പ്രവൃത്തികളിൽ നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ UIDSSMT പദ്ധതിയുടെ പൂർത്തീകരിച്ചതും നിരന്തരം പൊട്ടുന്നതുമായ റോ വാട്ടർ പമ്പിങ് മെയിനിന്റെ 1524 മീറ്റർ HDPE പൈപ്പ് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മാറ്റിയിടുന്നതിനുള്ള പ്രവൃത്തികൾ 07/02/2022-ൽ ആരംഭിച്ചു. ടി പ്രവൃത്തികൾ, വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ നിന്ന് ക്രമപ്പെടുത്തിയ ഷെഡ്യൂൾ പ്രകാരം കരാറുകാരൻ ചെയ്യാതിരുന്നതിനാലും, മെയ് 15 മുതൽ മഴ തുടങ്ങിയതിനാലും തടസ്സപ്പെട്ടിരുന്നു.** |
| (ബി) | കരുമാടി മുതലുള്ള പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തികൾ നിലച്ചതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **ആലപ്പുഴ നഗരസഭാ അതിർത്തിയിൽ 13 സ്ഥലങ്ങളിലായി 14 ട്യൂബ് വെല്ലുകളും ആര്യാട് , മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് (പാർട്ട് ) പഞ്ചായത്തുകളിലായി 8 ട്യൂബ് വെല്ലുകളും പുന്നപ്ര വടക്ക് , പുന്നപ്ര തെക്ക് , അമ്പലപ്പുഴ വടക്ക് , അമ്പലപ്പുഴ തെക്ക് , പുറക്കാട് എന്നീ പഞ്ചായത്തുകളിലായി 22 ട്യൂബ് വെല്ലുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട് . ഈ ട്യൂബ് വെല്ലുകളിൽ നിന്നുമായി ഏകദേശം 15 MLD വെള്ളമാണ് ലഭിക്കുന്നത് . കരുമാടി ജലശുദ്ധീകരണ ശാലയിൽ നിന്നും 20 MLD വെള്ളം ഒരു ദിവസം പമ്പ് ചെയ്യുന്നുണ്ട് . ആകെ 35 MLD വെള്ളം ഒരു ദിവസം പമ്പ് ചെയ്തു വരുന്നു. കൂടാതെ സ്പെഷ്യൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 12 പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നതിനും 4 കുഴൽ കിണറുകൾ ഡെവലപ്പ് ചെയ്യുന്നതിനും കുഴൽ കിണറുകളിലേയ്ക്ക് ആവശ്യമായ പുതിയ പമ്പ് സെറ്റുകൾ വാങ്ങിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ഇതിൽ കുഴൽ കിണറുകൾ ഡെവലപ്പ് ചെയ്യുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട് .** |

| | | | |
|---|---|---|---|
| | | | **12 ട്യൂബ് വെല്ലുകളിൽ ചാത്തനാട് , ആലിശ്ശേരി, പുന്നപ്ര തെക്ക് സുനാമി കോളനി, അമ്പലപ്പുഴ വടക്ക് എന്നിവിടങ്ങളിൽ ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന ട്യൂബ് വെൽ നിർമ്മാണം പൂർത്തിയാക്കി ഭൂജല വകുപ്പ് കംപ്ലീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട് . കൂടാതെ ആര്യാട് സാംസ്കാരിക നിലയം, മണ്ണഞ്ചേരി വലിയ വീട് , തുക്കുകുളം, പുന്നപ്ര വടക്ക് വലിയ പറമ്പ് കോളനി എന്നിവിടങ്ങളിലെ ട്യൂബ് വെൽ നിർമ്മാണം പൂർത്തിയായെങ്കിലും ഭൂജല വകുപ്പിൽ നിന്നും കംപ്ലീഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല. 8 ട്യൂബ് വെല്ലുകൾക്ക് പമ്പ് സെറ്റുകൾ വാങ്ങുവാൻ RAIDCO യ്ക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് .** |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 12/07/2022-ൽ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങളുടെ തുടർച്ചയായി, കേരള വാട്ടർ അതോറിറ്റി മദ്ധ്യമേഖല ചീഫ് എഞ്ചിനീയർ 14.07.2022-ൽ കരാറുകാരനുമായി ചർച്ച നടത്തുകയുണ്ടായി. കരാറുകാരനുമായി ആലോചിച്ച് പുന:ക്രമീകരണ ചാർട്ട് തയ്യാറാക്കി സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ